(ബി) ഇതോടനുബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടെ ടി.എ. ഇനത്തിൽ എന്തു തുക ചെലവഴിച്ചു;

(സി) മത്സ്യഫെഡിലെയോ ഫിഷറീസ് വകുപ്പിലെയോ മറ്റ് ഫിഷറീസ് സ്ഥാപനങ്ങളിലെയോ ഉദ്യോഗസ്ഥന്മാർക്ക് അഡ്വാൻസ് നൽകിയ ഇനത്തിൽ അവർ ആരെങ്കിലും വരവ് ചെലവ് കണക്ക് ബോധിപ്പിക്കാനുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ കണക്ക് സെറ്റിൽ ചെയ്യാത്ത ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും അവർ സെറ്റിൽ ചെയ്യാനുള്ള അഡ്വാൻസ് തുകയുടെ കണക്കും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് നടന്ന പ്രദർശനത്തിന് 3 ലക്ഷം രൂപ ചെലവാക്കി. കോഴിക്കോട് നടന്ന പ്രദർശനത്തിന് 8.41 ലക്ഷം രൂപ സംഘാടക സമിതിക്ക് അഡ്വാൻസായി മത്സ്യഫെഡ് നൽകി.

(ബി) ഉദ്യോഗസ്ഥന്മാരുടെ ടി.എ. അതാതു വകുപ്പുകൾ/സ്ഥാപങ്ങളാണ് വഹിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി)&(ഡി) ഇല്ല.

108 (441) കോൾഡ് സ്റ്റോറേജുകളുടെ പ്രവർത്തനം

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള എത്ര കോൾഡ് സ്റ്റോറേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ലാഭകരമായാണോ പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ പ്രവർത്തനത്തിന് വേണ്ടി എത്ര ജീവനക്കാർ ഉണ്ട്;

(ഡി) കോൾഡ് സ്റ്റോറേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പദ്ധതികൾ തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ 17 ഐസ് ആന്റ് കോൾഡ് സ്റ്റോറേജ് പ്ലാന്റുകൾ ഉണ്ടായിരുന്നതിൽ 10 എണ്ണം മത്സ്യഫെഡിന് കൈമാറിയിട്ടുണ്ട്.

(ബി) ഇവ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല.

(സി) പ്രസ്തുത പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കാൻ അവയുടെ പ്രവർത്തനത്തിനായി നിയമിച്ചിട്ടുള്ള 15 ജീവനക്കാരുടെ സേവനം മറ്റ് ജോലികൾക്കായി വിനിയോഗിച്ചു വരുന്നു.

(ഡി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കിയാണ് അവ മത്സ്യഫെഡിന് കൈമാറുവാൻ തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly